# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 8 (HALF YEARLY 2023)

**1) ദൈവത്തിന്റെ സന്ദേശം ദാവീദ് രാജാവിനെ അറിയിച്ച പ്രവാചകൻ ആര്?**

**A) നാഥാൻ**
B) യെശയ്യാവ്
C) യിരെമ്യാവ്
D) മീഖാ

**2) ആഹാബ് രാജാവിനോട് രാജ്യത്ത് മൂന്ന് വർഷത്തെ വരൾച്ച ഉണ്ടാകും എന്ന് പ്രവചിച്ച പ്രവാചകൻ ആര്?**

**A) ഏലിയാവ്**
B) എലിശാ
C) നാഥാൻ
D) ശമുവേൽ

**3) യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം വരും മുമ്പേ വീണ്ടും വരുമെന്ന് വി. വേദപുസ്തകം സാക്ഷിക്കുന്ന പ്രവാചകൻ?**

**A) ഏലിയാവ്**
B) യെശയ്യാവ്
C) യിരെമ്യാവ്
D) ദാനിയേൽ

**4) സഭയുടെ നമസ്കാരത്തിൽ വിശുദ്ധന്മാരുടെ അസ്ഥികൾക്ക് ശക്തിയുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഏതു പ്രവാചകനെ ബന്ധപ്പെടുത്തിയാണ്?**

**A) എലിശാ**
B) ഹുൽദാ
C) യോശീയാവ്
D) അഹീയാവ്

**5) ഇസ്രായേൽ രാജ്യത്തിന്റെ വിഭജനത്തിന് ശലോമോൻ രാജാവിന്റെ തെറ്റായ സാമ്പത്തിക നയങ്ങളോടൊപ്പം പറയാവുന്ന മറ്റൊരു കാരണം?**

**A) ദൈവിക കല്പനകൾ അനുസരിച്ചില്ല**
B) അയൽ രാജ്യങ്ങളുമായുള്ള യുദ്ധം
C) എദോമ്യരുടെ ആക്രമണം
D) ദേവാലയം ശരിയായി സൂക്ഷിച്ചില്ല

**6) യരുശലേമിന്റെ നാശം യോശിയാവ് രാജാവിന്റെ കാലത്ത് സംഭവിക്കുകയില്ല എന്നു പ്രവചനം ലഭിക്കുവാൻ കാരണം?**

**A) യോശിയാ ദൈവമുമ്പാകെ സ്വയം താഴ്ത്തി ജീവിതം നയിച്ചു**
B) യോശിയാവിനു ദീർഘായുസ് ഉണ്ടായിരുന്നു
C) ജനങ്ങൾ ദൈവത്തിങ്കലേക്കു തിരിച്ചു വന്നു
D) യെരുശലേമിനെക്കുറിച്ചുള്ള ദൈവത്തിന്റെ മറ്റു പദ്ധതികൾ

**7) പെസഹാ ആചരണത്തെക്കുറിച്ച് യോശിയാവ് രാജാവ് ജനങ്ങളോട് ആവശ്യപ്പെട്ട കാര്യം?**

**A) ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്നപ്രകാരം പെസഹ ആചരിക്കുക**

B) പെസഹാ ആചരണം യെഹോവയ്ക്ക് ഇഷ്ടമല്ലാതായി

C) പരീശന്മാർ നിർദേശിക്കുന്ന രീതിയിൽ പെസഹാ ആചരിക്കുക

D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**8) ''നിങ്ങൾ എന്റെ വാക്ക് കേട്ടനുസരിച്ച് ഞാൻ നിങ്ങളോടു കല്പിച്ചതുപോലെയെല്ലാം ചെയ്യുവിൻ. എന്നാൽ നിങ്ങൾ എനിക്ക് ജനവും ഞാൻ നിങ്ങൾക്ക് ദൈവവും ആയിരിക്കും.'' ഈ വേദവാക്യത്തിന്റെ റഫറൻസ് എഴുതുക.**

**A) യിരമ്യാവ് 11:4**

B) യിരമ്യാവ് 21:4

C) യിരമ്യാവ് 4:1

D) യെശയ്യാവ് 11:4

**9) 'നിന്റെ ഗൃഹകാര്യം ക്രമപ്പെടുത്തിക്കൊള്ളുക' എന്ന് ദൈവം അറിയിപ്പ് നൽകിയ രാജാവ്?**

**A) ഹിസ്കിയാവ്**

B) യോശീയാവ്

C) രെഹബയാം

D) ശലോമോൻ

**10) ബാബേൽ പ്രവാസം ഉണ്ടാകുവാനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്?**

**A) നേതൃത്വം നൽകിയവരുടെ ദൈവനിഷേധം.**

B) യിസ്രായേൽ ജനങ്ങൾക്കിടയിൽ തന്നെ ഉള്ള കലാപം

C) യെരുശലേം ദേവാലയം പൊളിച്ചുപണിയാനുള്ള തീരുമാനം

D) ജനങ്ങൾക്ക് ബാബേലിനോട് ഉണ്ടായ താത്പര്യം

**11) മാലാഖ എന്ന വാക്കിന്റെ അർത്ഥം?**

**A) സന്ദേശ വാഹകൻ**

B) സ്തുതിക്കുന്നവർ

C) ദൈവത്താൽ അയക്കപ്പെട്ടവർ

D) ദൈവത്തിന്റെ സ്വന്തം

**12) ജനനപ്പെരുന്നാളിൽ തീജ്വാലശുശ്രൂഷ സമയത്ത് കുന്തിരിക്കം സമർപ്പിക്കുമ്പോൾ ''മാലാഖമാരുടെ സ്തുതിപ്പ്'' ചൊല്ലുന്നതിന്റെ ഉദ്ദേശ്യം?**

**A) കർത്താവിന്റെ ജനനസമയത്ത് മാലാഖമാർ സ്തുതിച്ചതിനെ സ്മരിക്കുവാൻ**

B) മാലാഖമാർ ആട്ടിടയന്മാർക്ക് നൽകിയ ദൂതിനെ സ്മരിക്കുവാൻ

C) ഗബ്രിയേൽ മാലാഖ കന്യക മറിയാമിന് പ്രത്യക്ഷപ്പെട്ടത് സ്മരിക്കുവാൻ

D) ആട്ടിടയന്മാരുടെ വരവിനെ സൂചിപ്പിക്കുവാൻ

**13) ഓരോ ദിവസത്തേക്കും യാമങ്ങളിലേക്കും പ്രത്യേക നമസ്കാരങ്ങൾ ക്രമീകരിച്ചിരിക്കുന്ന നോമ്പുകൾ ഏതൊക്കെയാണ്?**

**A) 3 നോമ്പ്, 50 നോമ്പ്**

B) 15 നോമ്പ് , 8 നോമ്പ്

C) 13 നോമ്പ് , 15 നോമ്പ്
D) 25 നോമ്പ് , 8 നോമ്പ്

**14) 'ചാർത്തും നീതിയെ നിന്നാചാര്യന്മാരും...' എന്ന ഗീതം ഉപയോഗിക്കുന്ന സന്ദർഭം?**
**A) വാങ്ങിപ്പോയ പട്ടക്കാർക്കുവേണ്ടിയുള്ള പ്രാർത്ഥന**
B) വിവാഹകൂദാശ
C) സകല പരേതർക്കും വേണ്ടിയുള്ള പ്രാർത്ഥന
D) ഏവൻഗേലിയോൻ വായനയ്ക്ക്ശേഷം

**15) 'പുറജാതികളിൽനിന്ന് സഭയിലേക്ക് ചേരുന്നവർ ആദ്യം യഹൂദമര്യാദപ്രകാരം ജീവിക്കണമോ?' എന്നുള്ള ചിന്താക്കുഴപ്പം പരിഹരിച്ച സുന്നഹദോസ്?**
**A) യെരുശലേം സുന്നഹദോസ്**
B) നിഖ്യാ സുന്നഹദോസ്
C) എഫേസൂസ് സുന്നഹദോസ്
D) കുസ്തന്തിനോ പോലീസ് സുന്നഹദോസ്

**16) കന്യകമറിയാം ദൈവമാതാവെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ച സുന്നഹദോസ്?**
**A) എഫെസൂസ് സുന്നഹദോസ്**
B) യറുശലേം സുന്നഹദോസ്
C) നിഖ്യാ സുന്നഹദോസ്
D) ഉദയംപേരൂർ സുന്നഹദോസ്

**17) 'പറുദീസയിലാദാം രുചിനോക്കാത്ത ഫലം...' എന്ന ഗീതം അർത്ഥമാക്കുന്നത് എന്തിനെയാണ്?**
**A) വി. കുർബ്ബാന**
B) സാത്താന്റെ വശീകരണം
C) ആദാമ്യപാപം
D) ഏദൻ തോട്ടം

**18) 'മൽക്കിസദേക്ക്' എന്ന വാക്കിന്റെ അർത്ഥം?**
**A) എന്റെ രാജാവ് നീതിമാനാകുന്നു**
B) എന്റെ ദൈവം വിശ്വസ്തനാകുന്നു
C) എന്റെ രാജാവ് ദൈവമാകുന്നു
D) എന്നെ ദൈവം സംരക്ഷിക്കുന്നു

**19) . 'ശാരീരിക മാതാപിതാക്കളിൽനിന്നും ജനിച്ച കുഞ്ഞ് ദൈവത്തിന്റെ മകനായി ജനിക്കുന്ന ശുശ്രൂഷ ഏതാണ്?**
**A) മാമ്മോദീസാ**
B) തൈലാഭിഷേക ശുശ്രൂഷ
C) തലയിൽ കൈവച്ച് പ്രാർത്ഥിക്കുക
D) വി. കുർബ്ബാന

**20) തന്നിരിക്കുന്ന വേദവാക്യം പൂരിപ്പിക്കുക.**
**'കൃപയാലല്ലോ നിങ്ങൾ ...................... മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്'.**

**A) വിശ്വാസം**
B) സ്നേഹം
C) പ്രത്യാശ
D) കഷ്ടത

**21) 'ആദിയിൽ വചനം ഉണ്ടായിരുന്നു...' എന്ന വേദവാക്യം എന്താണ് സൂചിപ്പിക്കുന്നത്?**
**A) യേശുക്രിസ്തു**
B) വേദപുസ്തകം
C) ദൈവവചനം
D) പഴയനിയമം

**22) മലങ്കര സഭയിൽ ഒരു അംഗത്തിന് എന്നു മുതലാണ് വിശുദ്ധ കുർബ്ബാന സ്വീകരിക്കുവാൻ സാധിക്കുന്നത്?**
**A) മാമ്മോദീസായ്ക്കുശേഷം**
B) ജനിക്കുമ്പോൾ മുതൽ
C) 28 ദിവസത്തിനുശേഷം
D) ദേവാലയത്തിൽ കൊണ്ടുവരുമ്പോൾ മുതൽ

**23) റോമർ 13:1 ൽ പൗലോസ് ശ്ലീഹായുടെ പ്രബോധനം എന്താണ് ഉദ്ദേശിച്ചിരിക്കുന്നത്?**
**A) പൗരധർമ്മം**
B) മിഷൻ പ്രവർത്തനം
C) സ്ത്രീകൾക്ക് സഭയിലുള്ള സ്ഥാനം
D) സഭകൾക്കുള്ളിലെ അഭിപ്രായവ്യത്യാസങ്ങൾ

**24) 'ഈ ചെറിയവരിൽ ഒരുത്തന് ചെയ്യുന്നത് എനിക്കാകുന്നു ചെയ്യുന്നത്' എന്ന കർത്താവിന്റെ വചനം ആരെക്കുറിച്ചാണ്?**
**A) സമൂഹത്തിൽ സാധാരണ അവഗണിക്കപ്പെടുന്നവരെക്കുറിച്ച്**
B) സമൂഹത്തിലെ വിധവമാരെക്കുറിച്ച്
C) ശിഷ്യന്മാരെക്കുറിച്ച്
D) അറിയിപ്പുകാരെക്കുറിച്ച്

**25) ശലോമോൻ രാജാവിന്റെ പരാജയത്തിന്റെ ഒരു കാരണം?**
**A) അന്യരാജ്യങ്ങളിൽനിന്ന് പുറജാതിസ്ത്രീകളെ വിവാഹം കഴിച്ചു**
B) ദൈവം വളരെ ജ്ഞാനം നൽകി
C) ശലോമോന്റെ കീർത്തി ദേശമെങ്ങും പരന്നു.
D) ദേവാലയ നിർമ്മാണം ചരിത്രസംഭവമായി.

**26) യിസ്രായേലിലെ ഗോത്രങ്ങളുടെ എണ്ണം?**
**A) 12**
B) 8
C) 6
D) 14

**27) യോശീയാവ് ന്യായപ്രമാണ പ്രകാരം ജീവിച്ചു എങ്കിലും യെരുശലേം നശിപ്പിക്കപ്പെട്ടതിന്റെ കാരണം**
**A) പൂർവികരുടെ പാപം**

B) മക്കളുടെ പാപങ്ങൾ
C) ജനങ്ങളുടെ പാപം
D) യോശീയാവിന്റെ ജീവിതത്തിലെ പാപങ്ങൾ

**28) ശ്ലീഹന്മാരുടെ സാന്നിധ്യത്തിൽ കൂടിയ സുന്നഹദോസ്**
**A) യെരുശലേം**
B) അന്ത്യോക്യ
C) റോമാ
D) ലവദോക്യ

**29) സ്വർണ്ണംകൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി പ്രതിഷ്ഠിച്ച് ന്യായപ്രമാണലംഘനം നടത്തിയ രാജാവ്?**
**A) യെരൊബെയാം**
B) ആഹാബ്
C) യേഹു
D) ഹോശേയ

**30) ബാലിന്റെ പ്രവാചകന്മാരെ ഏലിയാവ് തോല്പിച്ചത് എങ്ങനെ?**
**A) കർമ്മേൽ മലയിൽ യാഗം അർപ്പിച്ച്**
B) രാജാവിന്റെ സൈന്യത്തെ അയച്ച് അവരെ തോല്പിച്ചു
C) ദൈവത്തിന്റെ സൈന്യത്തെ ഉപയോഗിച്ച്
D) യിസ്രായേലിന്റെ ജനങ്ങളെ മുമ്പിൽ നിർത്തി യുദ്ധം ചെയ്തു.

**31) 'എലീശാ' എന്ന വാക്കിന്റെ അർത്ഥം?**
**A) ദൈവം രക്ഷകനാകുന്നു**
B) യഹോവ എന്റെ ദൈവം
C) യഹോവ എന്റെ സഹായം
D) യേശു എന്റെ സഹായം

**32) ഗീതം പൂർത്തിയാക്കുക. (ഹാലേലുയ്യാ, ബാറെക്മോർ ഉള്ള വരികൾ ഒഴിവാക്കി)**
**സ്രാപ്പികളെക്കണ്ടേശായാ...................... നിൻമുമ്പിൽ.**
**A) ബസ്ക്കുദിശായിൽ**
B) എരിതീയാം
C) മുഖമവർ മൂടും
D) നിൻബഹുമാനം

**33) വിധവയുടെ തുരുത്തിയിലെ എണ്ണ വർദ്ധിപ്പിച്ച പ്രവാചകൻ?**
**A) എലീശാ**
B) നാഥാൻ
C) ഏലിയാ
D) ശമുവേൽ

**34) താഴെക്കൊടുത്തിരിക്കുന്നവയിൽ 'മാലാഖമാർ ദൈവത്തെ ആരാധിക്കുന്നു' എന്ന അർത്ഥം വരുന്ന വി. കുർബാനയിലെ ഗീതം ഏതാണ്?**
**A) സ്രാപ്പികളെ കണ്ടേശായാ...**
B) അൻപുടയോനെ നിൻ വാതിൽ...

C) പരിശുദ്ധാലയമുള്ളിൽ...
D) യജമാനൻ വരുമന്നേര...

**35) മാലാഖമാർ ആരാധിക്കുന്നതായി ഏശായ കണ്ട ദർശനത്തിൽ പരാമർശിക്കാത്തത് തെരഞ്ഞെടുക്കുക?**
**A) തങ്ങളുടെ പാപങ്ങളെ ഓർക്കരുതേ എന്ന് അപേക്ഷിക്കുന്നു.**
B) രണ്ട് ചിറകുകൾകൊണ്ട് മുഖം മറയ്ക്കുന്നു
C) രണ്ട് ചിറകുകൾകൊണ്ട് കാലുകൾ മറയ്ക്കുന്നു
D) രണ്ട് ചിറകുകൾ കൊട്ടിക്കൊണ്ട് പരിശുദ്ധൻ എന്ന് അട്ടഹസിക്കുന്നു.

**36) പ്രാർത്ഥന പൂരിപ്പിക്കുക**
**അത്യുന്നതങ്ങളിൽ ......................... സ്തുതിക്കുന്നതുപോലെ**
**A) സ്വർഗ്ഗീയ മാലാഖമാർ**
B) വാങ്ങിപ്പോയവർ
C) പരിശുദ്ധന്മാർ
D) കർത്താവിന്റെ ശിഷ്യന്മാർ

**37) തന്നിരിക്കുന്നവയിൽ, പൗരധർമവുമായി ബന്ധപ്പെട്ട് പൂർണമായി ശരിയായ കാര്യങ്ങൾ മാത്രം ഉള്ള ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**(i)എല്ലാ കാര്യങ്ങൾക്കും മാതാപിതാക്കളെ മാത്രം ആശ്രയിക്കുക.**
**(ii) ട്രാഫിക് നിയമങ്ങൾ അനുസരിക്കുക.**
**(iii) പരിസ്ഥിതിയെ സംരക്ഷിക്കുക.**
**(iv) എല്ലാ മതങ്ങളെയും ആദരിക്കുക.**
**A) (ii), (iii), (iv)**
B) (i), (ii), (iii)
C) (i), (iii), (iv)
D) (i), (ii) only

**38) ശുചിയോടു ശുദ്ധ്യാ ബെസ്ക്കുദിശാ ... എന്ന ഗീതത്തിൽ ബെസ്ക്കുദിശാ എന്ന വാക്ക് സൂചിപ്പിക്കുന്നത് എന്തിനെയാണ് ?**
**A) മദ്ബഹ**
B) പറുദീസാ
C) സ്വർഗം
D) ആകാശം

**39) 'അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ...' എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ യേശുക്രിസ്തുവിനെ പരാമർശിച്ചുള്ളതല്ലാത്ത വാക്ക് ഏതാണ്?**
**A) സ്വർഗ്ഗീയ രാജാവ്**
B) പിതാവിന്റെ പുത്രൻ
C) വചനം
D) ലോകത്തിന്റെ പാപത്തെ വഹിക്കുന്നവൻ

**40) ഒരു കുടുംബത്തിലെ മക്കളിൽ ഒരാൾക്ക് അംഗവൈകല്യമുണ്ടെങ്കിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**(i) അയാളെ പുനരധിവാസ കേന്ദ്രത്തിലേക്ക് മാറ്റുക.**
**(ii) പ്രത്യേക കരുതൽ നൽകി ആവശ്യമായ വിദ്യാഭ്യാസം നൽകുക.**
**(iii) സാമൂഹ്യ പരിപാടികളിൽ പങ്കെടുപ്പിക്കേണ്ടതില്ല**

**(iv) പ്രത്യേക കഴിവുകളുണ്ടെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കുക.**

**A) (ii), (iv)**
B) (i), (ii)
C) (i), (iv)
D) (ii), (iii)

**41) പൗരബോധത്തിന്റെ അടയാളമായി മുൻ അമേരിക്കൻ പ്രസിഡന്റ് ജോൺ കെന്നഡി പറഞ്ഞത് എന്താണ്?**

**A) സമൂഹത്തിൽനിന്ന് എന്തു കിട്ടുമെന്നല്ലാ എനിക്ക് എന്തു കൊടുക്കാമെന്ന ചിന്തയാണ് വേണ്ടത്.**
B) നിങ്ങൾ സമൂഹം നൽകുന്നതിനെല്ലാം നിങ്ങൾ സമൂഹത്തിന് തിരികെ കൊടുക്കണം.
C) വാർദ്ധക്യത്തിലുള്ളവരെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.
D) പൗരബോധം കുടുംബത്തിൽ ആരംഭിക്കണം.

**42) യിസ്രായേൽ രാജ്യത്തിന്റെ അവസാനത്തെ രാജാവ്?**

**A) ഹോശേയ**
B) ശമുവേൽ
C) യേഹു
D) ആഹാബ്

**43) യെരീഹോ നഗരത്തിലെ ചീത്തവെള്ളം ശുദ്ധിയാക്കിയ പ്രവാചകൻ ?**

**A) എലീശാ**
B) ഏലിയാവ്
C) ദാനിയേൽ
D) നാഥാൻ

**44) നാബോത്തിന്റെ മുന്തിരിത്തോട്ടം പിടിച്ചെടുത്ത് പാപം ചെയ്ത ഇസ്രായേലിലെ രാജാവ്?**

**A) ആഹാബ്**
B) യേഹു
C) ഹോശേയ
D) യെരെബെയാം

**45) യാമപ്രാർത്ഥനകളിൽ ആറാം മണി എന്നുള്ളത് ഏതു സമയത്തെ സൂചിപ്പിക്കുന്നു?**

**A) ഉച്ച**
B) പ്രഭാതം
C) സന്ധ്യ
D) സൂത്താറ

**46) പഴയനിയമ പൗരോഹിത്യത്തിന്റെ തുടർച്ചയാണ് പുതിയനിയമ പൗരോഹിത്യം എന്നു പഠിപ്പിക്കുന്ന ഗീതം?**

**A) ആദ്യാചാര്യത്വം കൈക്കൊ...**
B) ദൈവം സൃഷ്ടിച്ചാദത്തെ...
C) ഭംഗ്യാദൈവസുതാ നിന്നെ...
D) മോചനമാചാര്യർക്കേകുക...

**47) മൽക്കിസദേക്കിന്റെ ക്രമപ്രകാരം 'നിത്യ പുരോഹിതനായ വ്യക്തി'?**
**A) യേശുക്രിസ്തു**
B) ദാവീദ്
C) യോഹന്നാൻ സ്നാപകൻ
D) സഖറിയാ പുരോഹിതൻ

**48) 86 വർഷം ക്രിസ്തുവിനെ സേവിച്ചു... എന്റെ രാജാവിനെ എനിക്കെങ്ങനെ തള്ളിപ്പറയുവാൻ കഴിയും? എന്നു പ്രസ്താവിച്ച പിതാവ്?**
**A) സ്മിർണായിലെ പോളികാർപ്പോസ്**
B) അന്ത്യോഖ്യയിലെ ഇഗ്നാത്തിയോസ്
C) ജസ്റ്റിൻ മാർട്ടിയർ
D) കാർത്തേജിലെ സിപ്രിയൻ

**49) ക്രിസ്തുമതം വിട്ടുപോയവരെ തിരികെ സഭയിലേക്ക് സ്വീകരിക്കരുതെന്ന് ആദിമസഭയിലുണ്ടായ വാദം എന്തായിരുന്നു?**
**A) ഡൊനാട്ടിസം**
B) മൊണ്ടാനമതം
C) മാണിക്കയനിസം
D) നെസ്തോർ വേദവിപരീതം

**50) 'പറുദീസയിലാദാം രുചിനോക്കാത്ത ഫലം, സാമോദം വയ്ക്കുന്നീ നാൾനിൻ വായിൽ' എന്ന ഗീതം പാടുന്നത് എപ്പോൾ?**
**A) മാമ്മോദീസായ്ക്കുശേഷം വി. കുർബ്ബാന നൽകുന്ന സമയം**
B) രഹസ്യപ്രാർത്ഥന സമയത്ത്
C) വി. കുർബ്ബാന സമയത്ത്
D) വിവാഹശുശ്രൂഷ സമയത്ത്